## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1742** **08/06/2018-ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ശശീന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | വയനാട് ജില്ലയിൽ നാളിതുവരെ പൂർത്തീകരിക്കാതിരുന്ന 5430 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 3652 വീടുകൾ വിവിധ നിർമ്മാണ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ലൈഫ് രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിൽ 871 വീടുകൾ ആരംഭിക്കുകയും 193 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 124 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അഗതികൾ, ആദിവാസികൾ എന്നീ വിഭാഗങ്ങളിലെ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അഗതികളേയും, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങളേയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.